# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.റ്റി.3276 14.07.2015-ൽ മറുപടിക്ക്

ചോദ്യം

ഡോ.കെ.ടി. ജലീൽ

ഉത്തരം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

## ശമ്പള പരിഷ്ക്കരണത്തിന് വകയിരുത്തിയ തുക

| | | |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് മാത്രമായി തന്നാണ്ടിലെ ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് ഏത് ഹെഡ്ഡിൽ; എത്ര കോടി രൂപ ആണെന്ന് വിശദമാക്കാമോ; | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനായി 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ ശമ്പള ശീർഷകങ്ങളിലായി 1750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ശമ്പള കമ്മീഷന്റെ ശിപാർശ അതേപടി നടപ്പിലാക്കുന്നതിന് കുടിശ്ശിക ഉൾപ്പെടെ നൽകാൻ മൊത്തം എത്ര കോടി രൂപ തന്നാണ്ടിൽ ആവശ്യമായി വരും; ഇത് സംബന്ധമായ കമ്മീഷന്റെ നിഗമനം എന്താണെന്നറിയാമോ; വിശദമാക്കാമോ; | ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് ആയത് പഠിച്ചതിന് ശേഷം മാത്രമേ കമ്മീഷന്റെ ശുപാർശ അതേപടി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കുന്നതിന് സാധിക്കുകയുള്ളൂ. |

| | | |
|---|---|---|
| (സി) | ജീവനക്കാർക്കും അദ്ധ്യാപകർക്കും തന്നാണ്ടിൽ അർഹമായ ഡി.എ നൽകുന്നതിനും, ഹയർ സെക്കൻററി സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികകളിലുള്ളവർക്ക് തന്നാണ്ടിൽ നൽകേണ്ടതായ ശമ്പളം നൽകുന്നതിനും മൊത്തം എന്തു തുക ആവശ്യമായി വരും; തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക ഇവയ്ക്കെല്ലാം പര്യാപ്തമാണോ; വിശദമാക്കാമോ ? | ജീവനക്കാർക്കും അദ്ധ്യാപകർക്കും തന്നാണ്ടിൽ അർഹമായ ഡി.എ നൽകുന്നതിന് ബഡ്ജറ്റിൽ 11609.71 കോട്ടി രൂപ വകയിരുത്തിയിട്ടുണ്ട്. ഹയർസെക്കന്ററി സ്ക്കൂൾ അദ്ധ്യാപകർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികയിലുള്ളവർക്ക് തന്നാണ്ടിൽ ശമ്പളം നൽകുന്നതിന് ആവശ്യമായ തുകയെ സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. |

അക്കൗണ്ട്സ് ഓഫീസർ